പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2694 **28-10-2026-ൽ മറുപടിയ്ക്ക്**

വിയ്യംചിറ റഗുലേറ്റർ കം ബ്രിഡ്ജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചശേഷം ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന/നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നല്കി ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ പുരോഗമിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രോജക്ട്-1ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. General KylP (Plan) 2023-24 Reconstruction of damaged UT in LBMC near 25/500 General Civil Work എന്ന പ്രവൃത്തി 90% പൂർത്തീകരിച്ചു (ഭരണാനുമതി തുക - ₹83 ലക്ഷം)

2. General KylP (Plan) 2023-24 Reconstruction of Under Tunnel in LBMC at 12/500km General Civil Work – എന്ന പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 5% പൂർത്തിയാക്കി (ഭരണാനുമതി തുക - ₹78 ലക്ഷം)

മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. പെരുവണ്ണാമുഴി ഡാമിലെ റേഡിയൽ, എമർജൻസി ഹോയിസ്റ്റ് എന്നിവയുടെ പെയിന്റിംഗ്, റേഡിയൽ ഷട്ടറുകളുടെ റിപ്പയർ പ്രവൃത്തി എന്നിവ പുരോഗമിച്ച് കൊണ്ടിരിക്കുന്നു.
2. RBMC ചെയിനേജ് 33/820km ലെ സർപ്ലസ് ഗേറ്റ് വാൽവിന്റെ പുനസ്ഥാപന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) 2023-24-ലെ ബജറ്റിൽ ഉൾപ്പെട്ട വിയ്യംചിറ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

മറുപടി: 2023-2024 വർഷത്തെ സംസ്ഥാന ബജറ്റിൽ, വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ അനുബന്ധം-II, വാല്യം-II ൽ ക്രമനമ്പർ 2620 ആയി

ഉൾപ്പെടുത്തിയിരുന്ന വിയ്യംചിറ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ആദ്യം പൊതുമരാമത്ത് വകുപ്പിനെയാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് വിയ്യംചിറ റഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലവിഭവ വകുപ്പിലേക്ക് മാറ്റി 28.02.2026-ലെ GO(Rt) No.2118/2026/FIN പ്രകാരം ധനകാര്യ വകുപ്പ് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 12.50 കോടി രൂപയുടെ ഡി പി ആർ അധിക തുക അനുവദിച്ച് ഭരണാനുമതി നല്കണമെന്നാവശ്യപ്പെട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

Sl. No.	Name of work	Amount in lakhs	Present stage/ Progress
1	RELIS-Rehabilitation of LI Scheme-Renovation of Karuvottuchira LI Scheme-including desilting of Naduthodu and repairs of pumpset in Perambra LAC,Kozhikode District.-General Civil Work	13.75	Site handed over on 19/06/2025. 90% work completed
2	GENERAL-Reconstruction of Keloth thazha SWE/VCB and forming bund in Keezhariyur Panchayath, Perambra LAC, Kozhikode District-General Civil Work	20.00	73% work completed
3	Improvements to Veliyannur Chally Padasekharam in Koyilandy Municipality and Arikulam Naduvannur Panchayaths (including renovation of existing LI scheme)	25.00	75% work completed.CC 10th & part bill submitted
4	General-Desiltation work in Kadanthrapuzha river at Ammiyamannil in Ward No.2 of Chakkittapara Panchayath -General Civil work	18.4	Site handed over 31/5/2026

Sandhya

സെക്ഷൻ ഓഫീസർ